(രജിസ്റ്റർ ചെയ്ത് കൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-11/1587/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാകാര്യാലയം, തൊടുപുഴ

ഫോൺ നം. : 04862 227332

ഇ-മെയിൽ : doidk.ksad@kerala.gov.in

തീയതി. 24.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അടിമാലി ബ്ലോക്ക്പഞ്ചായത്ത്

സർ

വിഷയം : അടിമാലി ബ്ലോക്ക്പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടിമാലി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-11/1587/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാകാര്യാലയം, തൊടുപുഴ
ഫോൺ നം. : 04862 227332
ഇ-മെയിൽ : doidk.ksad@kerala.gov.in
തീയതി. 24.11.2017

## ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം **-** വകുപ്പ് **215(4), 1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

**************************

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 03.03.2017 മുതൽ 05.11.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(**എ**)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളിദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.11.2017 മുതൽ 09.11.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.എസ്.രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മായ കൃഷ്ണൻ | ഓഡിറ്റർ |

**(ബി)** <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. മുരുകേശൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. പി.കെ. അപ്പുക്കുട്ടൻ | 01.04.2016 മുതൽ 20.04.2016 വരെ |
| | | 23.06.2016 മുതൽ 16.10.2016 വരെ |
| | | 01.02.2017 മുതൽ 31.03.2017 വരെ |
| | ശ്രീമതി. മറിയാമ്മ കുര്യൻ | 21.04.2016 മുതൽ 22.06.2016 വരെ |
| | ശ്രീ. പി. കെ. വിശ്വൻ | 17.10.2016 മുതൽ 31.01.2017 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽഓഫീസർ, സി.എച്ച്.സി | ഡോ. എസ്. അജയകുമാർ | 01.04.2016 മുതൽ 19.02.2017 വരെ |
| | ഡോ. ഫിനിക്സ് ബേബി | 20.03.2017 മുതൽ 31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ഷൈൻ എൻ.പി | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| അസി.എക്സി എഞ്ചിനീയർ | ശ്രീ. ജി.ശിവകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ചിത്തിരപുരം | ഡോ.ഷെറിൻ മേരി മാത്യൂ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ബെറ്റി ജോഷ്വ | 01.04.2016 മുതൽ 04.08.2016 വരെ |
| | ശ്രീ.നാരായണൻ നമ്പൂതിരി പി. | 05.08.2016 മുതൽ 31.03.2017 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ അനൂപ് കെ. വി | 01.04.2016 മുതൽ 30.11.2016 വരെ |
| | ശ്രീ. ഇ.ഡി വർഗ്ഗീസ് | 01.12.2016 മുതൽ 25.12.2016വരെ |
| | ശ്രീ. സുനീഷ് പി.വൈ | 26.12.2016 മുതൽ 31.01.2017 വരെ |
| | ശ്രീ. സി.ബി രാധാകൃഷ്ണൻ | 01.02.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 (പൊതു അവലോകനം) | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ | 1-12 |
| | ഭാഗം – 2 (വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) | |
| 13 | വാടക കെട്ടിടങ്ങളെ സംബന്ധിച്ച അപാകതകൾ | 2-1 |
| 14 | ഐ.എ.വൈ. അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു | 2-2 |
| | ഭാഗം – 3 (ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) | |
| 15 | പൊതുമരാമത്ത് പ്രവൃത്തികൾ - അക്രഡിറ്റേഷൻ ഇല്ലാത്ത സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ പ്രവൃത്തി ഏൽപ്പിച്ചത് സർക്കാർ ഉത്തരവുകളുടെ ലംഘനം | 3-1 |
| 16 | ആശാ കിരൺ പദ്ധതി – അപാകതകൾ | 3-2 |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് പദ്ധതി - തടസ്സം ₹7,50,000/- | 3-3 |
| 18 | മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ മരുന്ന് വാങ്ങൽ - ചെലവ് തടസ്സം ₹1,50,000/- | 3-4 |
| 19 | പരസ്യ ചെലവ് അംഗീകൃത നിരക്കിൽ അധികരിച്ചു - നഷ്ടം – ₹15,226/- | 3-5 |
| 20 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 3-6 |
| 21 | പാലിയേറ്റീവ് കെയർപ്രോജക്ട് - മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല | 3-7 |
| 22 | ഹാഡാ പദ്ധതി - തുക തിരിച്ചടച്ചിട്ടില്ല | 3-8 |
| 23 | ഐ. എ. വൈ. പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് - | 3-9 |
| 24 | കൊന്നത്തടി ഉൽപാദന വിപണന കേന്ദ്രം - ഗുണഭോക്തൃ സമിതിയുടെ | 3-10 |

| | | |
|---|---|---|
| | കണക്കുകൾ ലഭ്യമല്ല - ചെലവ് തടസ്സം | |
| 25 | തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുള്ള അങ്കൻവാടി കെട്ടിട നിർമ്മാണം തുക കൈമാറിയെങ്കിലും തുടർ നടപടി സ്വീകരിച്ചില്ല | 3-11 |
| | ഭാഗം – 4 (പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും) | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |



********************************

,

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ നമ്പർ 1 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 29.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,78,28,584 |
| വരവ് | ₹11,26,23,343 |
| ആകെ | ₹14,04,51,927 |
| ചെലവ് | ₹8,79,65,525 |
| നീക്കിയിരിപ്പ് | ₹5,24,86,402 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 35002454 | 35002454 | 29619996 | 84.62 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 7448040 | 7448040 | 4975915 | 66.80 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 6223587 | 6223587 | 6218587 | 99.92 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 5433255 | 5433255 | 5433255 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 107 | 7,34,93,336 | 69 | 4,62,47,753 | 0 | 38 | 64 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.24 ശതമാനം /വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 59811 | 49593 | -10218 | -17 |
| മറ്റുവരവുകൾ | 76087 | 98872 | 22785 | 29.95 |
| ആകെ | 135898 | 148465 | 12567 | 9.24 |

## 1-8 ക്ഷേമപദ്ധതികൾ

- ബാധകമല്ല -

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

സ്റ്റോക്ക് രജിസ്റ്റർ :

സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. ഓരോ സാമ്പത്തിക വർഷവും വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും ഓരോ ഇനത്തിലും നിലവിൽ പഞ്ചായത്തിൽ എത്ര ഫർണിച്ചറുകൾ, സാധനങ്ങൾ ഉണ്ടെന്ന് വ്യക്തമാകുന്ന വിധത്തിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. സാമ്പത്തിക

വർഷാവസാനം സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തേണ്ടതും സെക്രട്ടറിമാർ ചാർജ് ഹാൻഡ് ഓവർ ചെയ്യുന്ന സമയത്ത് സ്റ്റോക്ക് കൈമാറ്റം ചെയ്യേണ്ടതുമാണ്.

<u>കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ</u> :

കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് 24.09.2014ലെ 86/2010/ഫിൻ. സർക്കുലറിൽ അനുശാസിക്കുന്നുണ്ടെങ്കിലും ബ്ലോക്ക്പഞ്ചായത്തിൽ ഇത്തരമൊരു രജിസ്റ്റർ പരിപാലിക്കുന്നില്ല. വ്യാജ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം. സോഫ്റ്റ് വെയറുകളുടെ ലൈസൻസ് വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7/2014 | 2008-09/13-14 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.02.2015 | 2009-10 & 2013-14 | 21.05.2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല. |
| 2. | ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. |
| 3. | വാടക ഇനത്തിൽ അരിയർ ഡിമാന്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. |
| 4. | താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

| ബാങ്ക് | അക്കൗണ്ട് നം. | 31.03.2017ലെ ബാലൻസ് |
|---|---|---|

| | | |
|---|---|---|
| എസ്.ബി.ഐ, അടിമാലി | അക്കൗണ്ട് നം. 30148942859 | 4883 |
| യു.ബി.ഐ, അടിമാലി | അക്കൗണ്ട് നം. 352502010050741 | 145440 |
| കാനറ ബാങ്ക്, അടിമാലി | അക്കൗണ്ട് നം. 4666101001728 | 5505 |
| എസ്.ബി.ഐ, അടിമാലി | അക്കൗണ്ട് നം. 30181766698 | 25354 |
| എസ്.സി.ബി, അടിമാലി | അക്കൗണ്ട് നം. 5679 | 794004 |

************************

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാടക കെട്ടിടങ്ങളെ സംബന്ധിച്ച അപാകതകൾ

ബ്ലോക്ക്പഞ്ചായത്തിന്റെ ഉടസ്ഥതയിലുള്ള വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ വിശദ വിവരം എൻക്വയറി-4 പ്രകാരം ആവശ്യപ്പെട്ടിരുന്നു. വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെയും മുറികളുടെയും വിശദാംശങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കരാർ പുതുക്കി വാടക ഓരോ വർഷവും വർദ്ധിപ്പിക്കാറില്ല എന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

രജിസ്റ്റർ പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ സൂചിപ്പിക്കുന്നു.

| ക്രമ നമ്പർ | 2016-17ൽ വാടകയ്ക്ക് നൽകിയ കെട്ടിടം | നിലവിലെ വാടക ₹ | ഓഡിറ്റ് വർഷം 5%വാടക വർദ്ധിപ്പിക്കാത്തത് മൂലമുണ്ടായ നഷ്ടം ₹ | 2016-17ലെ വാടക കുടിശ്ശിക ₹ | ആകെ ₹ |
|---|---|---|---|---|---|
| 1 | ഹാർമണി S.H.G., എല്ലക്കൽ | 1,100/- (മുൻ വർഷത്തേത് തന്നെ) | 55x12=660 | ഇല്ല | 660 |
| 2 | 6-ാം മൈലിൽ ഉള്ള ബ്ലോക്ക് വക കെട്ടിടം | 250/- (മുൻ വർഷത്തേത് തന്നെ) | 12.5x12= 150 | ഇല്ല | 150 |

| | | | | | |
|---|---|---|---|---|---|
| 3 | പ്രാർത്ഥന കുടുംബശ്രീ, ബൈസൻവാലി | 1,000/- (മുൻ വർഷത്തേത് തന്നെ) | 50x12 = 600 | 3000 (ജനവരി മുതൽ മാർച്ച് വരെ) | 3600 |
| 4 | ഒരുമ SHG, നായ്ക്കുന്ന് | 1,000/- (മുൻ വർഷത്തേത് തന്നെ) | 50x12 = 600 | 3000 (ജനവരി മുതൽ മാർച്ച് വരെ) | 3600 |
| 5 | പണിക്കൻകുടിയിലുള്ള ബ്ലോക്ക് വക കെട്ടിടം | 250/- (മുൻ വർഷത്തേത് തന്നെ) | 12.5x12 = 150 | ഇല്ല | 150 |
| 6 | ഡ്രീംസ് വായനശാല കെട്ടിടം, പണിക്കൻകുടി | 250/- (മുൻ വർഷത്തേത് തന്നെ) | 12.5x12= 150 | 3000 | 3150 |
| | | | | ആകെ | 11310 |

എന്നാൽ വാർഷിക കണക്കിൽ തൻവർഷം വാടക കുടിശ്ശിക ₹27,150/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ശേഷിക്കുന്ന കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുകയോ പുനരുദ്ധാരണം നടത്തുകയോ ചെയ്യാതെ നാശോന്മുഖമായ അവസ്ഥയിലാണ്. ഇവയുടെ വിവരം താഴെ സൂചിപ്പിക്കുന്നു.

| | |
|---|---|
| 1 | അമ്പഴച്ചാൽ വനിതാ ഉല്പാദന വിപണന കേന്ദ്രം |
| 2 | ഒഴുവത്തടം വനിതാ ഇൻഡസ്ട്രിയൽ ഡിസ്ട്രിബ്യൂഷൻ സെന്റർ |
| 3 | കല്ലാർ വനിതാ ഉൽപാദന വിപണന കേന്ദ്രം |
| 4 | കൊമ്പൂപ്പ് ഉൽപാദന വിപണന കേന്ദ്രം, ബൈസൺവാലി |
| 5 | കുടുംബശ്രീ കെട്ടിടം, മങ്കുവ, തെള്ളിത്തോട് |
| 6 | തലമാലി ഉൽപാദന വിപണന കേന്ദ്രം, മന്നാംകണ്ടം |

| | |
|---|---|
| 7 | കുമ്പൻപാറ ലൈബ്രറി കെട്ടിടം |
| 8 | കൊന്നത്തടി വനിതാ വിപണന കേന്ദ്രം |
| 9 | ആനച്ചാൽ - ആയക്കണ്ടം വിപണന കേന്ദ്രം |

ബ്ലോക്ക്പഞ്ചായത്തിന്റെ മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ ആവശ്യമായ പുനരുദ്ധാരണം നടത്തി വാടകയ്ക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 ഐ.എ.വൈ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

ബ്ലോക്ക്പഞ്ചായത്തിന് ഇന്ദിരാ ആവാസ് യോജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മൂന്ന് ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നീക്കിയിരിപ്പുള്ളതായി ഓഡിറ്റിൽ കാണുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം, ബാങ്ക് ശാഖ | അക്കൗണ്ട് നം. | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|
| 1 | IAY കേന്ദ്രവിഹിതം | 50225 | 340 |
| 2 | IAY സംസ്ഥാന വിഹിതം | 6621 | 65249 |
| 3 | IAY പ്ലാൻ | 52410 | 43689048 |

ഉദാത്തമായ ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ഇതര തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ലഭ്യമാക്കിയ വിഹിതങ്ങൾ യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാതെ അക്കൗണ്ടിൽ മൂതനിക്ഷേപമായി സൂക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. 2015-16 സാമ്പത്തിക വർഷത്തോടെ ഐ.എ.വൈ. കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ ടി തുകയുടെ വിനിയോഗത്തിൽ ഏറെ സങ്കീർണതയും കാലതാമസവും നേരിടുമെന്നത് വ്യക്തമാണ്. അവശേഷിക്കുന്ന തുക വിനിയോഗത്തിന് പ്രത്യേക ഉത്തരവിലൂടെ അനുമതി നേടിയെടുക്കാൻ അടിയന്തിര നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

*******************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പ്രവർത്തികൾ - അക്രഡിറ്റേഷൻ ഇല്ലാത്ത സംസ്ഥാന നിർമിതി കേന്ദ്രത്തെ പ്രവൃത്തി ഏൽപ്പിച്ചത് സർക്കാർ ഉത്തരവുകളുടെ ലംഘനം

| ക്രമ നം. | പ്രോജക്ട് നം./പദ്ധതിയുടെ പേര് | ബിൽ നമ്പർ തീയതി | തുക ₹ | അടങ്കൽ/പ്രവൃത്തി മൂല്യം |
|---|---|---|---|---|
| 1. | മുക്കടം സാനിട്ടേഷൻ കോംപ്ലക്സ് നിർമ്മാണം പ്രോജക്ട് നം. – 81/17 | 36/16-17 25.03.2017 | 1150000 | 1150000 |
| 2. | കുഞ്ചിത്തണ്ണി സാനിട്ടേഷൻ കോംപ്ലക്സ് നിർമ്മാണം<br>പ്രോജക്ട് നമ്പർ. 84/17 | 45/16-17 25.03.2017 | 800000 | വായ്പ-1കോടി |
| 3. | ആയിരമേക്കർ,കൊച്ചുപ്പ്,കൊന്നത്തടി എന്നീ വിപണന കേന്ദ്രങ്ങളിൽ പകൽ വീട് സജ്ജമാക്കൽ<br>പ്രോജക്ട് നം. 105/17 | 37/16-17 25.03.2017 | 900000 | 900000 |
| 4. | ഇരുമ്പ്പാലം സാനിട്ടേഷൻ നിർമ്മാണം<br>പ്രോജക്ട് നം. 82/16-17 | 41/16-17 25.03.2017 | 850000 | 850000 |
| 5. | ഇഞ്ചത്തൊട്ടി എസ്.സി. കോളനി കമ്മ്യൂണിറ്റി സെന്റർ – പ്രോജക്ട് നം.106/17 | 32/16-17 25.03.2017 | 744800 | 744800 |
| 6. | ചിത്തിരപുരം സി.എച്ച്.സി.-യിൽ ലാബ് | 38/16-17 | 196000 | 245000 |

| | | | | |
|---|---|---|---|---|
| | ഫാർമസി എന്നിവയുടെ ശീതീകരണം<br>പ്രോജക്ട് നം.104/17 | 25.03.2017 | | |
| 7. | അടിമാലി താലൂക്ക് ആശുപത്രിയുടെ എച്ച്.എം. സി. മുതൽ കാഷ്യാലിറ്റി കെട്ടിടം വരെ റൂഫിംഗ്<br>പ്രോജക്ട് നം.110/17 | 40/16-17<br>25.03.2017 | 400000 | 500000 |
| 8. | ചിത്തിരപുരം സി.എച്ച്.സി.-യിൽ ഒ. പി. കൗണ്ടർ റൂഫിംഗ് നിർമ്മാണം<br>പ്രോജക്ട് നം.103/17 | 39/16-17<br>25.03.2017 | 240000 | 300000 |
| 9. | താലൂക്ക് ആശുപത്രിയുടെ കാഷ്യാലിറ്റി കെട്ടിടത്തിന്റെ 2-ാം നില മെയിന്റനൻസ് നിർമ്മാണം – പ്രോജക്ട് നം.102/17 | 33/16-17<br>25.03.2017 | 1042045 | 1302526 |
| | | ആകെ | 6322845 | |

അതിബൃഹത്തായ ഈ പദ്ധതി സംസ്ഥാന നിർമിതി കേന്ദ്രത്തെ അക്രഡിറ്റഡ് ഏജൻസി എന്ന പരിഗണനയിൽ ടെണ്ടർ നടപടികൾ കൂടാതെ ഏൽപ്പിച്ചിരിക്കുകയാണ്. സംസ്ഥാന കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 19.03.2013-ലെ 3.25 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 30.03.2013-ലെ സ.ഉ(എം.എസ്.)നം.133/2013/തസ്വഭവ. പ്രകാരം അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അക്രഡിറ്റേഷൻ ഉള്ള ഏജൻസികളെ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല ഏൽപ്പിക്കുവാൻ പാടുള്ളൂ. ഇപ്രകാരം അക്രഡിറ്റേഷൻ ഉള്ള ഏജൻസിയല്ല സംസ്ഥാന നിർമിതി കേന്ദ്രം. മാത്രമല്ല, ചെലവ് കുറഞ്ഞ സാങ്കേതികവിദ്യ (Low Cost Technology) ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ മാത്രമേ അക്രഡിറ്റഡ് ഏജൻസികളെ എൽപ്പിക്കുവാൻ പാടുള്ളൂ എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവിനെ തുടർന്ന് 26.04.2013ൽ പുറപ്പെടുവിച്ച സ.ഉ(സാ.ധാ)നം.1159/2013/തസ്വഭവ. പ്രകാരം അക്രഡിറ്റേഷൻ നൽകുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി

കൺവീനറായി ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു.

പ്രസ്തുത കമ്മറ്റിയുടെ 22.02.2014-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 23.07.2014ൽ പുറപ്പെടുവിച്ച സ.ഉ(സാ.ധാ)നം.1928/14/തസ്വഭവ. പ്രകാരം 3 സ്ഥാപനങ്ങൾക്കാണ് തദ്ദേശ സ്വയംഭരണ വകുപ്പ് അക്രഡിറ്റേഷൻ നൽകിയിരിക്കുന്നത്. ഇതിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം ഉൾപ്പെടുന്നില്ല. ഇതിന് ശേഷവും തദ്ദേശ സ്വയംഭരണ വകുപ്പ് ഈ ഏജൻസിക്ക് അക്രഡിറ്റേഷൻ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സംസ്ഥാന നിർമിതി കേന്ദ്രത്തിന് നിർവഹണച്ചുമതല കൈമാറുന്നതിന് മുൻപ് ബ്ലോക്ക്പഞ്ചായത്തിൽ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയുന്ന പ്രവൃത്തിയല്ല എന്ന് ഉറപ്പാക്കുകയോ ഏജൻസിക്ക് ക്ഷമതയുള്ള അക്രഡിറ്റേഷൻ ഉണ്ടെന്ന് ഉറപ്പാക്കുകയോ ചെയ്യുവാൻ ആവശ്യമായ പരിശോധന നിർവഹണ ഉദ്യോഗസ്ഥനോ തദ്ദേശ സ്വയംഭരണ സ്ഥാപനമോ നടത്തിയിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി അക്രഡിറ്റേഷൻ ഇല്ലാത്ത ഏജൻസിയെ നിർവഹണ ചുമതല ഏൽപ്പിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. മാത്രമല്ല, ബ്ലോക്ക്പഞ്ചായത്തിന് 4 പകൽ വീടുകൾ നിർമ്മിച്ച് നൽകുന്നതിനായും ടി ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. 16.01.2013ലെ ജി.ഒ.(എം.എസ്.)362/13 പ്രകാരം പകൽ വീട് നിർമ്മിച്ചു നൽകുവാൻ പാടില്ല.സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ടി പ്രവർത്തികൾക്കായി ചെലവഴിച്ച ₹63,22,845/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ആശാ കിരൺ പദ്ധതി - നടത്തിപ്പിലെ അപാകതകൾ

| ബിൽ നമ്പർ തിയതി | തുക ₹ |
|---|---|
| 48/16-17/31.03.2017 | ₹12,00,000 |
| 31/16-17/25.03.2017 | ₹2,00,000 |
| ആകെ | ₹14,00,000 |
| അടങ്കൽ | ₹16,82,000 |

| പ്രോജക്ട് നമ്പർ – 146/17 | |
|---|---|

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആശാ കിരൺ എന്ന പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

വികലാംഗരായ ഗുണഭോക്താക്കൾക്ക് മുറിയോടുചേർന്ന് ശൗചാലയം നിർമ്മിച്ച് നൽകുക എന്ന പദ്ധതിയിൽ (ആശാ കിരൺ) 27പേർക്ക് ₹50,000/- വീതം നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ബിൽ ബുക്ക് പ്രകാരമുള്ള തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റി ഇട്ടതിന് ശേഷം ഇതിൽ നിന്നും തുക ചെക്ക് മുഖേനയാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം വ്യക്തികൾക്ക് നൽകുന്ന ധനസഹായം അവരുടെ അക്കൗണ്ടിലേക്കാണ് നൽകേണ്ടത് .ചെക്ക് നൽകിയതിന്റെ കാരണം വ്യക്തമല്ല.

സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാതെ ടി പ്രോജക്ട് നടപ്പിലാക്കുവാനുള്ള കാരണം വ്യക്തമല്ല. അതുപോലെ ബ്ലോക്ക്പഞ്ചായത്തിന് വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുവാൻ പാടില്ലാത്തതാണ്. മാത്രമല്ല, ബ്ലോക്ക്പഞ്ചായത്തിന്റെ വാല്യൂവേഷൻ എടുക്കേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരാണെന്നിരിക്കെ ടി പദ്ധതിയുടെ വാല്യൂവേഷൻ എടുത്തത് ദേശീയഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിലെ അക്രഡിറ്റഡ് എഞ്ചിനീയർ ആണ്. ടിയാളുടെ തസ്തിക അക്രഡിറ്റഡ് എഞ്ചിനീയർ എന്നാണെങ്കിലും ഓഫീസ് സീൽ ഉണ്ടാക്കിയിരിക്കുന്നത് അസിസ്റ്റന്റ് എഞ്ചിനീയർ എന്നാണ്. ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ഗുണഭോക്താക്കൾക്ക് നൽകിയ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | ചെക്ക് നമ്പർ തിയതി | തുക ₹ |
|---|---|---|---|
| 1 | റിൻസി ദേവസ്യ | 000163/27.03.17<br>523171/31.10.2017 | 10000<br>37000 |
| 2 | തങ്കച്ചൻ | 000174/27.03.2017<br>513298/25.10.2017 | 10000<br>20000 |
| 3 | ലൂസി ദേവസ്യ | 000166/27.03.2017<br>513287/04.05.2017 | 10000<br>37000 |
| 4 | സദാനന്ദൻ | 000170/27.03.2017 | 10000 |

| | | | |
|---|---|---|---|
| | | ലഭ്യമല്ല | 37000 |
| 5 | മിനി കെ. എം | 000165/27.03.2017<br>513275/24.04.2017 | 10000<br>37000 |
| 6 | ബിനി നോബി | 000180/27.03.2017<br>513282/24.04.2017 | 10000<br>37000 |
| 7 | ലതാമോൾ | 000167/27.03.2017<br>513294/15.05.2017 | 10000<br>37000 |
| 8 | സാലി ടോമിച്ചൻ | 513261/27.03.2017<br>513267/10.04.2017 | 10000<br>37000 |
| 9 | മോണിക്ക ആഗസ്തി | 000177/27.03.2017<br>513284/25.04.2017 | 10000<br>37000 |
| 10 | ചാൾസ് പി. ഐ | 000172/27.03.2017<br>513295/15.05.2017 | 10000<br>37000 |
| 11 | ഷീബ ജോൺ | 000171/27.03.2017<br>513279/24.04.2017 | 10000<br>37000 |
| 12 | ശശി പുത്തൻപറമ്പിൽ | 000173/27.03.2017<br>513300/25.05.2017 | 10000<br>37000 |
| 13 | ആൽബിൻ പോൾ | 513262/27.03.2017 | 10000 |
| 14 | ലിസ സേവ്യർ | 000175/27.03.2017<br>513276/24.04.2017 | 10000<br>37000 |
| 15 | ജോസ് റ്റി. വി | 000164/27.03.2017<br>513283/24.04.2017 | 10000<br>37000 |

| | | | |
|---|---|---|---|
| 16 | ലീലാമ്മ | 000179/27.03.2017<br>ലഭ്യമല്ല | 10000<br>37000 |
| 17 | കുമാരൻ | 000176/27.03.2017<br>513280/04.05.2017 | 10000<br>37000 |
| 18 | ഷൈനി റെജി | 000178/27.03.2017<br>513299/25.05.2017 | 10000<br>37000 |
| 19 | ലീല വേലായുധൻ | 000168/27.03.2017<br>ലഭ്യമല്ല | 10000<br>37000 |
| 20 | ഫെബിൻ ക്ലീറ്റസ് | 000169/27.03.2017<br>513301/25.05.2017 | 10000<br>37000 |
| 21 | സൈമൺ | 513272/12.04.2017 | 47000 |
| 22 | ആന്റണി | 513274/24.04.2017 | 47000 |
| 23 | മല്ലിക സുബ്രമണ്യൻ | 513277/24.04.2017 | 47000 |
| 24 | ഷീല ശശിധരൻ | 513285/25.04.2017 | 47000 |
| 25 | ശാന്തമ്മ ചന്ദ്രശേഖരൻ | 513289/04.05.2017 | 47000 |
| 26 | ഏലിക്കുട്ടി മിഖായേൽ | 513293/15.05.2017 | 47000 |
| 27 | ഉല്ലാസ് ആഗസ്തി | 513307/25.05.2017 | 47000 |
| | | ആകെ | 1252000 |

സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിന് തുക വകയിരുത്തിയതിനാൽ വിരുദ്ധമായി ചെലവഴിച്ച ₹12,52,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സെക്രട്ടറിയുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ₹1,48,000/- തിരിച്ചടയ്ക്കേണ്ടതാണ്.

## **3-3** <u>മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - തടസ്സം</u> **<u>₹7,50,000/-</u>**

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം 25 വിദ്യാർത്ഥികൾക്കായി ₹7,50,000/- നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത് പത്രപ്പരസ്യം വഴിയാണ്. ജി.ഒ.(പി)220/97/ത.ഭ.വ./02.10.1997, ജി.ഒ.(പി)181/98/തസ്വഭവ/02.09.1998 എന്നിവ പ്രകാരം ടി ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭാ സാധൂകരണം ആവശ്യമാണ്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പദ്ധതി നമ്പർ | S0050/17 | |
| അടങ്കൽ തുക | ₹7,56,000/- | |
| ചെലവ് | ₹7,50,000/- | |
| ബിൽനമ്പർ | CB1/16-17/block/scholarship- തീയതി 15-02-2017 തുക - ₹6,75,000/- | |
| | CB2/16-17/block/scholarship- തീയതി 13-03-17 തുക- ₹75,000/- | |

സാധൂകരണം ലഭ്യമാകുന്നതുവരെ ചെലവ് തുകയായ ₹7,50,000/- തടസ്സപ്പെടുത്തുന്നു.

## 3-4 <u>മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ മരുന്ന് വാങ്ങൽ -ചെലവ് തടസ്സം ₹1,50,000/-</u>

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് കെയർ, സി.എച്ച്.സി., ചിത്തിരപുരം |
| പ്രോജക്ട്.നം | S0006/17 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ചിത്തിരപുരം |
| ചെലവ് | ₹1,50,000/- |
| ബിൽ നം./തീയതി | 03/2016-17, 27/03/2017 |

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചിത്തിരപുരം നിർവ്വഹണം നടത്തിയ മേൽപ്രോജക്ട് പ്രകാരം ₹1,50,000/-യ്ക്ക് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അടിമാലി, മാവേലി മെഡിക്കൽ

സ്റ്റോർ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്. കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ മരുന്ന് വാങ്ങുവാൻ പാടുള്ളൂ എന്ന നിർദ്ദേശമുള്ളപ്പോൾ മേൽ സ്ഥാപനത്തിൽ നിന്ന് മരുന്ന് വാങ്ങിയത് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. ആയതിനാൽ മേൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പരസ്യ ചെലവ് അംഗീകൃത നിരക്കിൽ അധികരിച്ചു - നഷ്ടം ₹15,226/-

സർക്കുലർ 7471/ഡി-1/04/ഐ&പി.ആർ./തീ.21.06.2004, പൊതുഭരണ വകുപ്പ് സ.ഉ.(അച്ചടിച്ചത്)01/04/ഐ.ആന്റ് പി.ആർ. 01-01-2004 എന്നിവ പ്രകാരം പബ്ലിക് റിലേഷൻസ് വകുപ്പ് വഴിയല്ലാതെ ദർഘീസ് പരസ്യങ്ങൾ പ്രസിദ്ധീകരണത്തിന് നല്കുന്ന സർക്കാർ സ്ഥാപനങ്ങൾ മൂന്ന് x രണ്ട് സെന്റിമീറ്റർ കോളം വലിപ്പമുള്ള വിൻഡോ പരസ്യം തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക്പഞ്ചായത്തിന്റെ MPLADS മുഖേന നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ പരസ്യം മലയാള മനോരമ പത്രത്തിൽ ടി മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നൽകിയിരിക്കുന്നത്.

വിശദ വിവരം താഴെ സൂചിപ്പിക്കുന്നു.

| വിവരം | സ്പെസിഫിക്കേഷൻ (സെ.മീ.) | | റേറ്റ് | ആകെ ₹ (*) | | നഷ്ടം ₹ |
|---|---|---|---|---|---|---|
| | നൽകിയത് | നൽകാവുന്നത് | | നൽകിയത് | നൽകാവുന്നത് | |
| മലയാള മനോരമ / 02-03-2017<br>വൗച്ചർ നം. E/165/17 തീയതി 25-03-2017 ₹16,013/-) | 12.200x10 = 122 | 2x3=6 | 105 | 105x122+ 105x122x25% = 16013 | 105x6+ 105x6x25% = 787.5 | 15225.5 (15226/-) |

(*) *രണ്ടാമത്തെ പേജിൽ പരസ്യം നൽകുന്നതിന് 25% അധിക തുക നൽകണം.*
ചെലവ് നഷ്ടം തുകയായ ₹15,226/- ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-6 നിർവ്വഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല

ജനകീയാസൂത്രണപദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിവിധ തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതാത് മേഖലയിൽ പ്രാഗല്ഭ്യവും അനുഭവസമ്പത്തും കൈമുതലായുള്ള പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുതകും വിധമാണ് ഇവരുടെ പുനർവിന്യാസം സാധ്യമാക്കിയത്. ഇതു പ്രകാരം ബ്ലോക്ക്പഞ്ചായത്തിന് സെക്രട്ടറിയെ

കൂടാതെ അസി. എക്സി. എൻജിനിയർ, സി.ഡി.പി.ഒ, കൃഷി അസി. ഡയറക്ടർ, രണ്ട് മെഡിക്കൽ ഓഫീസർമാർ, ക്ഷീര വികസന ഓഫീസർ, വ്യവസായ വികസന ഓഫീസർ, പട്ടികജാതി വികസന ഓഫീസർ, പട്ടികവർഗ വികസന ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനം പദ്ധതി നിർവ്വഹണത്തിന് ലഭ്യമാണ്. എന്നാൽ അടിമാലി ബ്ലോക്ക്പഞ്ചായത്ത് പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല.

വ്യവസായ വികസന ഓഫീസർ, സി.ഡി.പി.ഒ, കൃഷി അസി. ഡയറക്ടർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരെ പദ്ധതിയുടെ ഭാഗഭാക്കാക്കുകയേ ചെയ്തിട്ടില്ല. മുപ്പതോളം വകുപ്പുകളെയും അവയിലെ ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറിയത് അധികാരവികേന്ദ്രീകരണം എന്ന ലക്ഷ്യം സാക്ഷാത്ക്കരിച്ച് ജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ്. പ്രസ്തുത ലക്ഷ്യം തമസ്കരിക്കുന്ന രീതിയിൽ പദ്ധതി നിർവഹണം ഏതാനും ചില ഉദ്യോഗസ്ഥരിൽ മാത്രം കേന്ദ്രീകരിക്കുന്ന പ്രവണത ആശാസ്യമല്ല. ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ പരമാവധി പ്രയോജനപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-7 പാലിയേറ്റീവ് കെയർ പ്രോജക്ട് - മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ് (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.08.2012-ലെ ജി.ഒ(എംഎസ്)228/2012 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 2.3 കാണുക). ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും നിർവ്വഹണ ഉദ്യോഗസ്ഥനുമായ മെഡിക്കൽ ഓഫീസർ സെക്രട്ടറിയും ഭരണസമിതിയംഗങ്ങൾ, സി.ഡി.എസ് ഭരണസമിതിയംഗങ്ങൾ, ഇതര വിഭാഗം മെഡിക്കൽ ഓഫീസർമാർ തുടങ്ങിയവർ അംഗങ്ങളുമായ പ്രസ്തുത കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. എന്നാൽ അടിമാലി ബ്ലോക്ക്പഞ്ചായത്തിൽ പ്രസ്തുത കമ്മിറ്റി നിർജ്ജീവമാണെന്ന് രേഖകൾ വെളിവാക്കുന്നു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-8 ഹാഡാ പദ്ധതി - തുക തിരിച്ചടച്ചിട്ടില്ല

ഹാഡാ പദ്ധതിയിൽ ₹1,96,658/- നീക്കിയിരിപ്പുണ്ട്. ഹാഡാ പദ്ധതി നിർത്തലായിരിക്കെ പഴം പച്ചക്കറി വികസന പദ്ധതിക്ക് ബാക്കി വന്ന തുക 10 ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കണമെന്നുള്ള

15.03.2016 തീയതിയിലെ നം.293/b/hada/13 കത്ത് മുഖേന സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെയായും തിരിച്ചടച്ചിട്ടില്ല. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-9 ഐ.എ.വൈ. പദ്ധതി - നടത്തിപ്പിലെ അപാകതകൾ

ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15ലെ ഇന്ദിരാ ആവാസ് യോജന നടത്തിപ്പുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചതിൽ 2014-15 മുതൽ 2016-17 വരെ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന് കാണുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | പണി പൂർത്തീകരിക്കാത്തവരുടെ എണ്ണം |
|---|---|---|---|
| 1 | 2014-15 | 435 | 5 |
| 2 | 2015-16 | 509 | 51 |
| 3 | 2016-17 | 344 | 60 |
| | | ആകെ | 116 |

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനോ അല്ലാത്തപക്ഷം ധനസഹായമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 കൊന്നത്തടി ഉൽപാദന വിപണന കേന്ദ്രം - ഗുണഭോക്തൃ സമിതിയുടെ കണക്കുകൾ ലഭ്യമല്ല - ചെലവ് തടസ്സം ₹2,98,642/-

| | |
|---|---|
| പദ്ധതി നം. | 60/2017 |
| അടങ്കൽ | ₹3,30,100/- |
| എം. ബുക്ക് നം. | 470/16-17 |
| ബിൽ നം. | 26/16-17 തീയതി. 31-03-2017 |

| | |
|---|---|
| ചെലവ് | ₹2,98,642/- |
| കൺവീനർ | ശ്രീമതി. റീത്ത ചെറിയാൻ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എക്സി. എഞ്ചിനീയർ |

ഗുണഭോക്തൃ സമിതി മുഖേന നിർവഹിച്ചിരിക്കുന്ന മേൽ പ്രവൃത്തിയുടെ ഫയലിൽ സമിതിയുടെ വരവ് ചെലവു കണക്കുകൾ ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ₹2,98,642/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുള്ള അങ്കൻവാടി കെട്ടിട നിർമ്മാണം - തുക കൈമാറിയെങ്കിലും തുടർ നടപടി സ്വീകരിച്ചില്ല

| | |
|---|---|
| പദ്ധതി നം. | 80/17 |
| അടങ്കൽ | ₹72,00,000/- |
| ചെലവ് | ₹8,00,000/- (ബിൽ നം.45/16-17-തീയതി-31-03-2017) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

27-01-17ലെ സർക്കാർ ഉത്തരവ് നം.(ആർ.റ്റി)223/2017/തസ്വഭവ., MGNREGS മിഷൻ ഡയറക്ടറുടെ 14-02-2017ലെ 2507/EGSA/2015/REGS നമ്പർ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ നാല് അങ്കൻവാടി കെട്ടിടങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച നിർമ്മിക്കുന്നതിനായി ₹8,00,000/- മേൽ സൂചിത ബിൽ പ്രകാരം മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം തുക ഡിപ്പോസിറ്റ് ചെയ്തുകൊണ്ടുള്ള പ്രൊസീഡിങ്സിന്റെ പകർപ്പ്, ഇപ്രകാരമുള്ള ട്രാൻസ്ഫറിന്റെ വിശദാംശം എന്നിവ ഡെപ്പോസിറ്റ് തീയതിയിലോ പിറ്റേന്നോ തന്നെ സ്റ്റേറ്റ് മിഷൻ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണെന്നും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് എന്നുമുള്ള നിർദ്ദേശങ്ങൾ ഇതു വരെയും പാലിച്ചിട്ടില്ല.

സൂചിത നിർദ്ദേശങ്ങൾ പാലിച്ച് പ്രസ്തുത അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതുവരേയ്ക്കും ചെലവ് തടസ്സപ്പെടുത്തുന്നു.

********************

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

- ഇല്ല -

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

## 4-4 വായ്പ/വായ്പ തിരിച്ചടവ്

- ഇല്ല -

## 4-5 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

– ഇല്ല –

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹112623343 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹87965525 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹15226 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹9573487 |

**(ബി)** <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-5 | - | 15226 | ശ്രീ. പി. കെ. അപ്പുക്കുട്ടൻ, സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6322845 | ശ്രീ. പി. കെ. അപ്പുക്കുട്ടൻ, സെക്രട്ടറി |
| 3-2 | 1252000 | ശ്രീ. പി. കെ. അപ്പുക്കുട്ടൻ, സെക്രട്ടറി |
| 3-3 | 750000 | ശ്രീ. ഷൈൻ എൻ. പി, പട്ടികജാതി വികസന ഓഫീസർ |
| 3-4 | 150000 | ഡോ. ഷെറിൻ മേരി മാത്യു, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3-10 | 298642 | ശ്രീ. ജി. ശിവകുമാർ, അസി. എക്സി. എഞ്ചിനീയർ |

| | | |
|---|---|---|
| 3-11 | 800000 | ശ്രീ. പി. കെ. അപ്പുക്കുട്ടൻ, സെക്രട്ടറി |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. കെ. അപ്പുക്കുട്ടൻ,സെക്രട്ടറി | സെക്രട്ടറി പള്ളം ബ്ലോക്ക്പഞ്ചായത്ത് | അരശ്ശേരിൽ പാമ്പാടി പി.ഒ. കോട്ടയം ജില്ല |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഐ. – 3/330/99/20.07.1999/31.07.1999 |
| 1998-99 | എൽ .എഫ്.ഐ. 3/632/01/03.04.2002/08.05.2002 |
| 1999-2000 | എൽ .എഫ്.ഐ. -3/479/02/01.07.2003/07.02.2004 |
| 2000-01 | എൽ .എഫ്.ഐ. -3/455/03/06.12.2003/07.02.2004 |

| | |
|---|---|
| 2001-02 | എൽ .എഫ്.ഐ. -3/143/04/28.05.2004/10.06.2004 |
| 2002-03 | ഓഡിറ്റ് വർഷം |
| 2003-04 | 1995-96& 1996-97 |
| 2004-05 | എൽ .എഫ്.ഐ. – 4/1051/06/15.01.2007/01.03.2007 |
| 2005-06 | എൽ .എഫ്.ഐ. -4/516/08/14.05.2008/10.07.2008 |
| 2006-07 | എൽ .എഫ്.ഐ. -4/984/09/06.03.2009/30.06.2009 |
| 2007-08 | എൽ .എഫ്.ഐ. -4/718/09/24.02.2010/13.04.2010 |
| 2008-09 | എൽ .എഫ്.ഐ. -4/852/10/05.01.2011/06.01.2012 |
| 2009-10 | എൽ .എഫ്.ഐ. - 4/853/10/05.01.2011/06.01.2012 |
| 2010-11 | എൽ .എഫ്.ഐ. -4/338/13/25.07.2013/01.11.2013 |
| 2011-12&2012-13 | എൽ .എഫ്.ഐ.-4/247/14/18.03.2014/12.06.2014 |
| 2013-14&<br>2014-15 | കെ.എസ്.എ.ഐ.ഡി.കെ -11/1408/ 2015/10.12.2015 |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ -11/333/2017/23.03.2017 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-ഐ.ഡി.കെ-11/1587/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാകാര്യാലയം, തൊടുപുഴ
ഫോൺ നം. : 04862 227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*
തീയതി. 24.11.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക്പഞ്ചായത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക്പഞ്ചായത്തിന്റെ **2016-17**ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-11/1587/17

Kerala State Audit Department
District Audit Office, Idukki, Thodupuzha
Ph:04862-227332
**e-mail : doidk.ksad@kerala.gov.in**
Dt: 24.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of ADIMALY **Block** Panchayat in Idukki District for the year ended on 31-03-2017 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **ADIMALY** Block Panchayath for the year **2016-17** except the observations my audit report properly presents the picture of Income and Expenditure.

**SENIOR DEPUTY DIRECTOR**
**IDUKKI**